കുടിവെള്ളത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

89 (981) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിന് ഇപ്പോഴുള്ള മാനദണ്ഡം എന്താണ് ; ഇത് മാറ്റണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിവെള്ളത്തിന്റെ ഉപയോഗത്തിന്റെ അളവ് കണക്കാക്കുന്ന വാട്ടർ മീറ്ററുകൾ ഓരോ വാട്ടർ കണക്ഷനിലും ഘടിപ്പിക്കാറുണ്ട്. ഇത്തരം മീറ്ററുകൾ കാണിക്കുന്ന റീഡിംഗ് അനുസരിച്ചുള്ള അളവിലാണ് നിരക്ക് നിശ്ചയിക്കുന്നത്. ഈ മീറ്ററുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ ഇവ കേടാകുന്നതിനു മുമ്പുള്ള അളവിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് നിശ്ചയിക്കുന്നത്. ഈ സമ്പ്രദായം മാറ്റുന്നതിനുള്ള നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചില പഠനങ്ങൾ ഇക്കാര്യത്തിൽ നടക്കുന്നുണ്ട്.

(ബി) വിഷയം പഠിക്കുന്നതേയുള്ളൂ. വിശദാംശങ്ങൾക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

വെള്ളക്കരം നിർണ്ണയിക്കുന്ന പുതിയ രീതിയും ന്യൂനതകളും

90 (982) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളക്കരം നിർണ്ണയിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള രീതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത രീതിയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ;

(സി) വാട്ടർ മീറ്റർ സ്ഥാപിച്ചിട്ടുള്ള വീടിന്റെ വലിപ്പവും സൗകര്യങ്ങളും കണക്കാക്കി വെള്ളക്കരം നിർണ്ണയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഈ രീതി ശാസ്ത്രീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) കുടിവെള്ളം ദുർവിനിയോഗം ചെയ്യുവാൻ പ്രസ്തുത മാറ്റം ഇടയാക്കുമോ ;

(എഫ്) ഈ പരിഷ്ക്കാരം കൊണ്ട് ഉണ്ടാകാവുന്ന ന്യൂനതകൾ പരിഹരിക്കാൻ ഗവൺമെന്റ് നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കാണിക്കുന്ന വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റി നൽകുന്ന വാട്ടർ കണക്ഷനുകളിൽ ഘടിപ്പിക്കാറുണ്ട്. ഇവ കാണിക്കുന്ന അളവ് അനുസരിച്ചാണ് നിലവിൽ വെള്ളക്കരം നിശ്ചയിക്കുന്നത്. ഈ വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമയങ്ങളിൽ എടുത്തിട്ടുള്ള അളവിന്റെ ശരാശരി കണക്കാക്കി വെള്ളക്കരം നിർണ്ണയിക്കുന്നു.

(ബി) ഇപ്പോഴുള്ള സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തി വെള്ളക്കരം ഈടാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം പഠന വിധേയമാണ്. വിശദാംശങ്ങൾക്ക് അന്തിമരൂപം കൈവന്നിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ&എഫ്) ഉദിക്കുന്നില്ല.

വെള്ളത്തിന് കുടിശ്ശിക ബില്ല് നൽകുന്ന നടപടി

91 (983) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഇ. എം. അഗസ്തി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ മീറ്റർ റീഡ് ചെയ്തശേഷം വെള്ളത്തിന്റെ ഉപഭോഗം എത്രയെന്ന് കാണിക്കുന്ന രേഖ ബന്ധപ്പെട്ട വീട്ടുകാർക്ക് കൊടുക്കാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(സി) നല്ല കണ്ടീഷനിലുള്ള വാട്ടർ മീറ്ററുള്ള വീടുകളിൽ മുൻ റീഡിംഗുകളനുസരിച്ച് കൺസംപ്ഷൻ കുറവാണെങ്കിലും പിന്നീട് എന്നെങ്കിലും കൂടിയ റീഡിംഗ് വരുമ്പോൾ മുൻകാല പ്രാബല്യത്തോടുകൂടി വർദ്ധിച്ച കൺസംപ്ഷൻ കണക്കാക്കി കുടിശ്ശിക ബില്ല് നൽകുന്ന ഏർപ്പാട് വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം കുടിശ്ശിക ബില്ലുകൾ വരുന്നതെപ്രകാരമെന്ന് വിശദീകരിക്കുമോ ;

(ഇ) ഈ വർഷം ഇതുവരെ തിരുവനന്തപുരം നഗരത്തിൽ എത്ര കുടിശ്ശിക ബില്ല് ഉപഭോക്താക്കൾക്ക് നൽകി ;

(എഫ്) ഈ ബില്ലുകളിലൂടെ ഡിമാൻഡ് ചെയ്ത തുക എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly